# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോറോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P9/750/2021dt.30-06-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/06/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോറോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P9/750/2021dt.30-06-2021 തീയ്യതി: 30/06/2021

## കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഗിരീശൻ പാറപ്പൊയിൽ ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ മോഹൻ കുരുന്നംമനയ്ക്കൽ, ഓഡിറ്റ് ഓഫീസർ
ശ്രീ രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡാനിഷ് സെഡ്, ഓഡിറ്റർ
ശ്രീ അനൂപ് കെ വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജില അമ്പലത്തിൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| അനിൽകുമാർ നൊച്ചിയിൽ | സെക്രട്ടറി | 01-04-2019 | 23-12-2019 |
| പ്രിയ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-12-2019 | 22-03-2020 |
| അനിൽകുമാർ നൊച്ചിയിൽ | സെക്രട്ടറി | 23-03-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രിയ വി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| സുനീഷ് ടി | വി ഇ ഒ | 01-04-2019 | 31-03-2020 |
| വിപിൻകുമാർ ടി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ജയചന്ദ്രൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ലിമിന എ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സുനിത പി കെ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ബാബു എം | ഫിഷറീസ് ഓഫീസർ | 01-04-2019 | 19-05-2019 |
| സന്ധ്യ | ഫിഷറീസ് ഓഫീസർ | 20-05-2019 | 29-08-2019 |
| അനിൽ കുമാർ | ഫിഷറീസ് ഓഫീസർ | 30-08-2019 | 31-03-2020 |
| ഡോ.അബ്ദുൾ ജലീൽ | വെറ്റിനററി സർജൻ | 01-04-2019 | 25-09-2019 |
| ഡോ.രജിത്ത് | വെറ്റിനററി സർജൻ | 26-09-2019 | 28-11-2019 |
| ഡോ.ആര്യ സുലോചനൻ | വെറ്റിനററി സർജൻ | 28-11-2019 | 31-01-2020 |
| ഡോ.ഷൈനി ആർ നമ്പീശൻ | വെറ്റിനററി സർജൻ | 31-01-2020 | 31-03-2020 |
| നീതു പ്രഭാകർ | കൃഷി ഓഫീസർ | 01-04-2019 | 30-09-2019 |
| സന്ധ്യ പി ടി | കൃഷി ഓഫീസർ | 01-10-2019 | 25-02-2020 |
| നസിയ ബീഗം | കൃഷി ഓഫീസർ | 26-02-2020 | 31-03-2020 |
| ഡോ.ഡെയ്സി | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഗോർ | ഓഫീസർ പി എച്ച്സി | | |
| ശ്രീജിത്ത് പി | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വരുമാനത്തിലും ചെലവിലുമുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ബജറ്റ് യഥാസമയം പുതുക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-1 |
| 2 | മുൻ റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-2 |
| 3 | പദ്ധതി അവലോകനം<br>Written By: Anoop.K.V (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-3 |
| 4 | ക്യാഷ് ബാലൻസ്<br>Written By: Anoop.K.V (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-4 |
| 5 | വാർഷിക കണക്ക് പരിശോധന അപാകതകൾ<br>Written By: Anoop.K.V (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-5 |
| 6 | തൊഴിൽ നികുതി-നൂറുശതമാനം ഡിമാന്റ് -ഓഡിറ്റ് നിർദ്ദേങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 29-06-2021) | 1-6 |
| 7 | റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല-വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യത<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-7 |
| 8 | ഡി&ഒ ലൈസൻസ്- മുന്റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-8 |
| 9 | കെട്ടിടനിർമ്മാണ നിയന്ത്രണം -വീഴ്ചകൾ തുടരുന്നു<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-9 |
| 10 | വൗച്ചർ പരിശോധന അപാകത<br>Written By: Anoop.K.V (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-10 |
| 11 | തൊഴിലുറപ്പ് പദ്ധതി ഭരണചെലവ് റീക്യുപ്പ് ചെയ്തില്ല<br>Written By: Anoop.K.V (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-11 |
| 12 | തെരുവ് വിളക്ക് സംയുക്തപരിശോധന പൂർണ്ണമായില്ല<br>Written By: Anoop.K.V (Auditor, On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-12 |
| 13 | മരാമത്ത് പ്രൊജക്ടുകൾ - തുക വിനിയോഗം കുറവ്<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-13 |
| 14 | വർഷങ്ങളായി തുക വകയിരുത്തുന്നെങ്കിലും നാളിതുവരെ പ്രൊജക്ടുകൾ നടപ്പാക്കിയില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-14 |
| 15 | നടപടിക്രമങ്ങൾ പാലിക്കാതെ മരാമത്ത് | 1-15 |

| | | |
|---|---|---|
| | പ്രൊജക്ടുകളുടെ രൂപീകരണം - നിർവ്വഹണം യഥാസമയം നടക്കാത്തത് ഫണ്ട് വിനിയോഗം കുറയ്ക്കുന്നു<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | |
| 16 | മൽസ്യവില്പനയ്ക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും വിതരണം - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-16 |
| 17 | കാർഷിക പ്രൊജക്ടുകൾ - കൃത്യമായ ആസൂത്രണമില്ല- നിർവ്വഹണം നിരീക്ഷിക്കപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-17 |
| 18 | പ്രൊജക്ട് രൂപീകരണം അടിസ്ഥാനവിവരങ്ങൾ വെളിവാക്കുന്ന ആവശ്യകത തിരിച്ചറിഞ്ഞല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-17-1 |
| 19 | പ്രൊജക്ടുകളുടെ നിർവ്വഹണം ഫലപ്രാപ്തി എന്നിവ നിരീക്ഷിക്കപ്പെട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-17-2 |
| 20 | പൂർണ്ണമായ ധനവിനിയോഗം സാധ്യമായില്ല-ഫണ്ട് നഷ്ടപ്പെട്ടു<br>Written By: Gireeshan Parappoyil (Audit Officer (HG), On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-17-3 |
| 21 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച<br>Written By: N. Rajeevan (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-18 |
| 22 | വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-19 |
| 23 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ഗുണനിലവാരം കുറഞ്ഞ കട്ടിൽ വിതരണം ചെയ്ത സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ചില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-20 |
| 24 | പത്താം ക്ലാസ്,പ്ലസ് വൺ തുല്ല്യതാ പഠനം - ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പദ്ധതി നടപ്പാക്കി<br>Written By: N. Rajeevan (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-21 |
| 25 | ബഡ്സ് സ്കൂൾ നടത്തിപ്പ് - ആവശ്യമായ ജീവനക്കാരെ നിയമിച്ചില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 26-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mohan Kurunnam Manakkal (Audit Officer, On 28-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-06-2021)<br>Last Updated By: Vasudevan M (Deputy Director, On 30-06-2021) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 വരുമാനത്തിലും ചെലവിലുമുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ബജറ്റ് യഥാസമയം പുതുക്കുന്നില്ല

സ്ഥാപനത്തിന്റെ ബജറ്റ് നിയമപരമായ സമയക്രമം പാലിച്ചുകൊണ്ട് തന്നെ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വരുമാനവും ചെലവ് സാധ്യതകളും പരിഗണിച്ച് തന്നെയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ തനത് വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോ എന്ന് പരിശോധിക്കാനായിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ മേല്പറഞ്ഞ ന്യൂനതയുണ്ടെങ്കിലും DPC അംഗീകരിച്ച വാർഷിക പദ്ധതി ഉൾക്കൊണ്ട് കൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

എന്നാൽ വരുമാനത്തിലും ചെലവിലും ബജറ്റ് എസ്റ്റിമേറ്റിന് അതീതമായി കാലാകാലങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ബജറ്റ് പുതുക്കാനോ, സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കാനോ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം ബജറ്റ് അംഗീകാരമില്ലാതെ, പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുന്ന സാഹചര്യം സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. 116 പ്രൊജക്ടുകൾ ഉൾപ്പെടുന്ന 5.85 കോടി അടങ്കലുള്ള DPC അംഗീകരിച്ച വാർഷികപദ്ധതിയാണ് ഓഡിറ്റ് വർഷത്തെ ബജറ്റ് ഉൾക്കൊണ്ടിരുന്നത്. എന്നാൽ വർഷാവസാനമാകുമ്പോഴേക്കും സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി ഉൾപ്പെടുത്തി 176 പ്രൊജക്ടുകളുള്ള 10.16 കോടി രൂപ അടങ്കലുള്ള വാർഷികപദ്ധിയായി ഇത് മാറിയിട്ടുണ്ട്. എന്നാൽ പുതുക്കിയ ഈ വാർഷിക പദ്ധതി സ്ഥാപനം തയ്യാറാക്കി അംഗികരിക്കുമ്പോഴോ, DPC അംഗീകാരം വാങ്ങിയതിന് ശേഷമോ ഈ അടങ്കൽ ഉൾക്കൊള്ളുന്ന തരത്തിൽ ബജറ്റിലെ വരവ് ചെലവ് എസ്റ്റിമേറ്റുകൾ പുതുക്കാൻ സ്ഥാപനം തയ്യറായിട്ടില്ല. ഓഡിറ്റ് വർഷം സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് 4.17 കോടി രൂപ വകയിരുത്തി 1.97 കോടി രൂപ ചെലവഴിച്ചത് പരിഗണിക്കുമ്പോൾ (ആകെ വാർഷിക പദ്ധതി ചെലവ് 44079198/-രൂപ മാത്രമാണ്) 24.3.2020 തീയതിയിൽ (തീരുമാനം 1(1) ) ബജറ്റ് പുതുക്കുന്നതുവരെ 75 സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് തുക വിനിയോഗിച്ചത് ബജറ്റ് അംഗീകാരമില്ലാതെയാണെന്ന് കാണാം. സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾക്കൊണ്ട പുതുക്കിയ വാർഷിക പദ്ധതിക്ക് 3.6.2020 ൽ തന്നെ DPC അംഗീകാരം വാങ്ങിട്ടുണ്ടെന്നുള്ളത് ബജറ്റിൽ നിന്നുള്ള വ്യതിചലനത്തിന്റെ വ്യാപ്തി കൂട്ടുന്നു.

ബജറ്റ് പുതുക്കാതെ ഇപ്രകാരം തുക വിനിയോഗിക്കാനിടയായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

### 1-2 മുൻ റിപ്പോർട്ടുകളിലെ പരാമർങ്ങൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പരിശോധിച്ച്, അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി റിപ്പോർട്ടുകൾ തീർപ്പാക്കാൻ സ്ഥാപനം താല്പര്യം കാട്ടുന്നില്ല. പരാമർശങ്ങൾക്ക് മറുപടി നല്കുന്ന കാര്യത്തിൽ തന്നെ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതെയാണ് മറുപടി തയ്യാറാക്കപ്പെടുന്നത്. ഇതുകൊണ്ട് തന്നെ തുടർച്ചയായ വർഷങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടും അപാകതകൾ സ്ഥാപനത്തിൽ പരിഹരിക്കപ്പെടാതെ നിലനില്ക്കുന്നു. 2016-17 വർഷം മുതൽക്കുള്ള മൂന്ന് വർഷത്തെ റിപ്പോർട്ടുകളുടെ തുടർ നടപടികളുടെ സ്ഥിതിവിശേഷം പരിശോധിച്ചതിൽ റിപ്പോർട്ടുകൾ തികച്ചും അവഗണിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാകുന്നു. 22.09.17 ന് സ്ഥാപനത്തിൽ ലഭിച്ച 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് 29.11.17ന് തന്നെ പ്രഥമ മറുപടി നല്കിയിട്ടുണ്ടെങ്കിലും, ഭൂരിഭാഗം പരാമർശങ്ങളുടേയും കാര്യത്തിൽ, നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഭാഗം 2, 3 എന്നിവയിലെ ആകെ 20 പരാമർശങ്ങളിൽ 3 എണ്ണം മാത്രമാണ് പ്രഥമമറുപടി കൊണ്ട് ഒഴിവാക്കപ്പെട്ടത്. അവ തന്നെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ആവർത്തിക്കരുതെന്ന നിബന്ധനയോടെയാണ്. 17.01.2018ന് അനന്തരപരാമർശം പുറപ്പെടുവിച്ചതിന് ശേഷം യാതൊരു നടപടികളും സ്ഥാപനം സ്വീകരിച്ചിട്ടില്ല.

2017-18 റിപ്പോർട്ടിന്റെ കാര്യത്തിൽ 3.4.2019ന് ലഭിച്ച റിപ്പോർട്ടിന് 17.10.2019 നാണ് പ്രഥമ മറുപടി നല്കിയിരിക്കുന്നത്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, സെക്ഷൻ 15(1), കേ.പ.രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, ചട്ടം21(1,2) എന്നിവ പ്രകാരം റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം പ്രഥമ

മറുപടി നല്കണമെന്ന വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. റിപ്പോർട്ടിലെ മുഴുവൻ പരാമർങ്ങൾക്കും മറുപടി നല്കിയിട്ടില്ലെന്ന കാര്യം കൂടി ശ്രദ്ധേയമാണ്. ഭാഗം രണ്ടിലെ 6 പരാമർശങ്ങളിൽ ഒന്നിനു മാത്രമാണ് മറുപടി നല്കിയിരിക്കുന്നത്. കൂടാതെ ഭാഗം 3ലെ 12 പരാമർശങ്ങളിൽ അഞ്ചെണ്ണത്തിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കിയതിൽ തന്നെ നാലെണ്ണം മാത്രമാണ് ഒഴിവാക്കപ്പെട്ടത്. 12.3.20ന് അനന്തരപരാമർശം ലഭിച്ചതിനുശേഷം യാതൊരു തുടർ നടപടികളും റിപ്പോർട്ടിൽ സ്വീകരിച്ചിട്ടില്ല.

2018-19 വർഷത്തെ റിപ്പോർട്ട് 14.10.19ന് ലഭിച്ചെങ്കിലും പ്രഥമ മറുപടി സമർപ്പിക്കാതെ സ്ഥാപനം നിയമലംഘനം നടത്തിയിട്ടുണ്ട്. 10.6.20ന് അനന്തര റിപ്പോർട്ട് നല്കിയതിനെ തുടർന്ന്, 05.04.2021ന് പ്രഥമ മറുപടി എന്ന പേരിൽ ഒരു മറുപടി സ്ഥാപനം സമർപ്പിച്ചു. റിപ്പോർട്ട് ലഭിച്ച് ഒന്നര വർഷത്തോളം കഴിഞ്ഞ് തയ്യാറാക്കിയ ഈ മറുപടിയിലും നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് മിക്ക പരാമർശങ്ങൾക്കും നല്കിയിരിക്കുന്നത്.

മേൽപറഞ്ഞതിൽ നിന്നും വെറുമൊരു മറുപടി തയ്യാറാക്കി നല്കേണ്ട ഇനമായാണ് ഓഡിറ്റ് റിപ്പോർട്ടുകളെ സ്ഥാപനം കാണുന്നതെന്ന് വ്യക്തമാകുന്നു. ഓഡിറ്റുകൾ ഫലപ്രദമാകാത്തതിന് ഇത് പ്രധാന കാരണമാകുന്നു. റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട വിവിധ കാര്യങ്ങളിലെ അവസ്ഥ മാറ്റമില്ലാതെ തുടരുന്നത്, തുടർന്ന് വരുന്ന എൻക്വയറികളിൽ പരാമർശിക്കുന്നത് ശ്രദ്ധിക്കുക. റിപ്പോർട്ടുകളെ ഇപ്രകാരം അവഗണിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ഇക്കാര്യത്തിലുള്ള നിയമലംഘനം എപ്രകാരം ന്യായീകരിക്കപ്പെടുമെന്നും വ്യക്തമാക്കേണ്ടതാണ്.

## 1-3 പദ്ധതി അവലോകനം

2019-20 വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രൊജക്ടുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| മേഖല | പൊതുവിഭാഗം | എസ്.സി.പി | ടി.എസ്.പി | ആകെ | നടപ്പാക്കിയവ | ഭാഗികമായി നടപ്പാക്കിയവ |
|---|---|---|---|---|---|---|
| ഉല്പാദനം | 23 | 3 | --- | 26 | 19 | 1 |
| സേവനം | 72 | 10 | 1 | 83 | 54 | 11 |
| പശ്ചാത്തലം | 67 | --- | --- | 67 | 45 | 18 |
| ആകെ | 162 | 13 | 1 | 176 | 118 | 30 |

മേൽ ചേർത്ത പ്രകാരമുള്ള ആകെ 176 പ്രൊജക്ടുകളിൽ 51 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളാണ്. തീരെ നടപ്പാക്കിയിട്ടില്ലാത്തത് 58 പ്രൊജക്ടുകളാണ്. ഇതിൽ 21 എണ്ണം സ്പിൽ ഓവർ പ്രജക്ടുകളാണ്. തൻവർഷം തുകയൊന്നും ചെലവഴിക്കാത്ത 58 പ്രൊജക്ടുകളിൽ ഏറ്റവും കൂടുതൽ മരാമത്ത് മേഖലയിലുള്ളതാണ് - 37 എണ്ണം. സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് പ്രൊജക്ടുകൾക്ക് രൂപം നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് അവലംബമായെടുക്കേണ്ട കൃത്യവും വിശ്വാസയോഗ്യമായ ഡാറ്റയുടെ അഭാവം, പ്രജക്ടുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ലിസ്റ്റ് ചെയ്യുന്നതുൾപ്പെടെയുള്ള ആസൂത്രണ പ്രക്രിയയിലെ അപാകതകൾ എന്നിവ കാരണം, നിർവ്വഹണഘട്ടത്തിൽ പ്രൊജക്ടുകൾ ഭേദഗതി വരുത്തേണ്ടി വരുന്നതും നിർവ്വഹണ നടപടിക്രമങ്ങൾ വൈകുന്നത് മൂലവും സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാനാവാതെയായിട്ടുണ്ട്. ഇത് കൂടാതെ, 2015-16 മുതൽ തൻവർഷം വരെയും തുക വകയിരുത്തുകയല്ലാതെ നടപ്പാക്കാത്ത പ്രൊജക്ടുകളുള്ളതായും കാണുന്നു. (ഉദാ: സ്റ്റേഡിയം നിർമ്മാണം, ആയുർവ്വേദാശുപത്രി നിർമ്മാണം) ഇക്കാരണങ്ങളാൽ ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതെ ലാപ്സാകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിച്ച 4.14ലക്ഷം രൂപയിൽ, 42.83% തുക വിനിയോഗിക്കാത്തത് മൂലം ലാപ്സായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോക്കേഷൻ | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്(പൊതു) | 17787000 | 15460111 | 2326889 |
| വികസന ഫണ്ട്(എസ്. സി.പി) | 1786000 | 743502 | 1042498 |
| വികസന ഫണ്ട്(ടി.എസ്.പി) | 180000 | 0 | 180000 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 4443000 | 2585067 | 1857933 |
| സംരക്ഷണ ഗ്രാന്റ്( റോഡിതരം) | 5320000 | 1008355 | 4311645 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11940000 | 3903058 | 8036942 |
| ആകെ | 41456000 | 23700093 | 17755907 |

പ്രൊജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടാകുന്ന പിഴവുകൾ പരിഹരിച്ച് സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തിയാൽ മാത്രമെ സമഗ്ര വികസനവും കാര്യക്ഷമമായ ഫണ്ട് വിനിയോഗവും സാധ്യമാകു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെയും പഞ്ചായത്ത് സ്ഥിരം സമിതികളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-4 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/06/2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11976/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-5 വാർഷിക കണക്ക് പരിശോധന അപാകതകൾ

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 17.11.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ഉപഖണ്ഡികകളായി താഴെ കൊടുക്കുന്നു.

1.ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3.ഡിപ്രിസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.2020 മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് പ്രിന്റ് എടുത്ത് സാക്ഷ്യപെടുത്തി സൂക്ഷിച്ചത്.

5. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിക്കാത്തതിനാൽ ആർ.പി4ലെ പെർമിറ്റ് ഫീ, ക്രമവത്ക്കരണ ഫീ എന്നിവ ഒഴികെയുള്ള ഇനങ്ങളുടെ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6.നിർജ്ജീവമായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| ഇനം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | 31.03.2020ലെ ബാലൻസ് |
|---|---|---|---|
| എം.എൻ ലക്ഷം വീട് | ചോറോട് സർവ്വീസ് സഹകരണബാങ്ക് | 11078 | 58855/- |
| ഇ-സാക്ഷരത | ചോറോട് സർവ്വീസ് സഹകരണബാങ്ക് | 3508 | 99820/- |
| എസ്.എസ്.എ | ചോറോട് സർവ്വീസ് സഹകരണബാങ്ക് | 1398 | 2579/- |
| | | | |

| ഒ.എ.പി | എസ്എംജി ബാങ്ക് | 00112364 | 4346/- |
|---|---|---|---|

മേൽ അക്കൗണ്ടുകൾ തനത് ഫണ്ടിലേക്ക് വരവ് വെച്ച് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.മേൽ അപാകതകൾ സംബന്ധിച്ച് 25.06.2021ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 20/19-20ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-6 തൊഴിൽ നികുതി-നൂറുശതമാനം ഡിമാന്റ് -ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

തൊഴിൽ നികുതിയിനത്തിൽ സ്ഥാപനത്തിന് ലഭിക്കേണ്ട മുഴുവൻ വരുമാനവും ഡിമാന്റ് ചെയ്യപ്പെടുന്നില്ലെന്നും, ഇത് സാധ്യമാകുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ ഉടനടി നടപ്പിലാക്കണമെന്നും 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-3 പ്രകാരം നിർദ്ദേശിച്ചിരുന്നു. ഡിമാന്റ് ചെയ്യുന്ന തുക പോലും നിയതമായ രീതിയിലല്ലെന്നും റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിരുന്നു. 2019 ആഗസ്റ്റ് മാസത്തിൽ ഓഡിറ്റ് നടക്കുമ്പോൾ തന്നെ ഓഡിറ്റ് എൻക്വയറിയിലൂടെ ഇക്കാര്യം സ്ഥാപനത്തെ അറിയിക്കുകയും പിന്നീട് ഇതേ വർഷം ഒക്ടോബർ മാസത്തിൽ റിപ്പോർട്ട് നല്കുകയും ചെയ്തതാണ്. കൂടാതെ 2016-17 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 2-4 പ്രകാരവും 2017-18 വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 2-3 പ്രകാരവും തൊഴിൽ നികുതി പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവാക്കപ്പെട്ടത് പരാമർശിച്ചിട്ടുമുണ്ട്. വരുമാന നഷ്ടത്തിന്റെ കൃത്യമായ വിവരങ്ങളും പരിഹാര മാർഗ്ഗങ്ങളും വിവിധ റിപ്പോർട്ടുകളിലൂടെ ലഭ്യായിട്ടും നാളിതുവരെ നിയമപരമായ നടപടികളിലൂടെ തൊഴിൽ നികുതി അടക്കാൻ ബാധ്യതപ്പെട്ടവരെ മുഴുവൻ കണ്ടെത്താൻ സ്ഥാപനം തയ്യാറായിട്ടില്ല. 2018-19 വർഷത്തെ റിപ്പോർട്ട് ലഭിച്ച് ഒന്നര വർഷത്തോളം കഴിഞ്ഞ് നല്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു പരാമർശവും നടത്തിയിട്ടില്ല. നിലവിലെ അവസ്ഥ വിശദീകരിക്കുകയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുമെന്നുമാണ് പരാമർശിച്ചിരിക്കുന്നത്. അടിയന്തിരമായി നടപ്പിലാക്കി വരുമാന നഷ്ടം ഒഴിവാക്കേണ്ട മേൽ നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും, മുൻറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കി പുരോഗതി അറിയിക്കേണ്ടതുമാണ്

## 1-7 റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല-വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യത

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 512 റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (സെക്രട്ടറിയുടെ ലോഗിനിൽ) നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒറ്റ റോഡും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് 90% നികുതി നിർണ്ണയത്തിലും നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി എൻക്വയറിയിൽ മനസ്സിലായിട്ടുണ്ട്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നാതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ്

വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

റോഡുകൾ രേഖപ്പെടുത്തിയതിലും പൂർണ്ണതയില്ല

സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 512 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 443 റോഡുകൾ സ്ഥാപനത്തിലുണ്ട്.ഇവ കൂടാതെ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, സ്റ്റേറ്റ്, സെന്ട്രൽ എന്നീ സ്ഥാപനങ്ങളുടെ അധിനതയിലുള്ള റോഡുകളും നിലവിലുള്ളതായി കാണാം. മേല്പറഞ്ഞ എല്ലാ റോഡുകളും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയോയെന്ന് പരിശോധിക്കേണ്ടതുണ്ട്. സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട 512 റോഡുകളിൽ 62 എണ്ണം 5 മീറ്ററിൽ കൂടുതലുള്ളതാണ്. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 75 റോഡുകൾ ഈ ഗണത്തിൽ പെടുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം പോലും ശരിയല്ലെന്ന് കാണാം.

മേല്പറഞ്ഞതിൽ നിന്നും നാളിതുവരെ വൻനികുതി നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യത വെളിവാകുന്നുണ്ട്. ആകയാൽ സോഫ്റ്റ് വെയറിൽ ഉള്ള സാങ്കേതികമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. കൂടാതെ, 2011ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി വീഴ്ചയ്ക്കുള്ള വിശദീകരണം സഹിതം ഓഡിറ്റിന് നല്കേണ്ടതാണ്.

## 1-8 ഡി&ഒ ലൈസൻസ്- മുൻറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല

വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും ഡി&ഒ ലൈസൻസ് പ്രകാരം ഉപയോഗപ്പെടുത്തുന്ന കെട്ടിടങ്ങളുടെ എണ്ണവും താരതമ്യപ്പെടുത്തിയതിൽ, 44% കെട്ടിടങ്ങൾ മാത്രമാണ് നിലവിൽ ഉപയോഗപ്പെടുത്തുന്നതെന്ന് കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 1-4ൽ പരാമർശിച്ചിരുന്നു. അവശേഷിക്കുന്ന 55% കെട്ടിടങ്ങളും ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പടുത്താനുള്ള സാധ്യതയെകുറിച്ച് ഈ ഖണ്ഡികയിൽ പരാമർശിക്കുകയും അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി അനധികൃതമായി കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് കണ്ടെത്താൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. റിപ്പോർട്ട് ലഭിച്ച് ഒന്നരവർഷത്തിന് ശേഷം നല്കിയ മറുപടിയിൽ, ഫീൽഡ് പരിശോധന നടത്താൻ ക്ലാർക്കുമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഇത്തരത്തിൽ ഒരു പരിശോധന നടത്തിയതിന്റെ രേഖകൾ (അന്വേഷണ റിപ്പോർട്ടോ, തുടർനടപടികളോ) ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. നിലവിലെ അവസ്ഥ ആരാഞ്ഞതിൽ ഓഡിറ്റ് വർഷത്തിൽ വാണിജ്യാവശ്യങ്ങൾക്ക് നികുതി നിർണ്ണയിച്ച 1730 കെട്ടിടങ്ങളുണ്ടെന്നും ഇതിൽ 539 ലൈസൻസുകളിലായി 642 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് ഇല്ലാതെ കച്ചവടം നടത്തുന്നത് സംബന്ധിച്ച് നിരവധി പരാതികൾ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ടെന്ന് മിനിട്സും പരാതി രജിസ്റ്ററും സാക്ഷ്യപ്പെടുത്തുന്നുണ്ട്. 10.5.2019 തീയതിയിലെ 20, 21 അജണ്ടകളായി ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. വാർഡ് ഒന്നിലെ കൈതയിൽ ഹഫ്സത്തിന്റെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ അനധികൃതമായി കെട്ടിടനിർമ്മാണം നടത്തി, ലൈസൻസില്ലാതെ കച്ചവടം നടത്തുന്നുവെന്ന പരാതി അജണ്ട 20പ്രകാരം ചർച്ച ചെയ്യുകയും, തീരമാനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി പൊളിച്ച് മാറ്റാൻ നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്. വാർഡ് 16ൽ ബലരാമൻ, സുനിൽകുമാർ, സുധീഷ് കുമാർ എന്നിവരുടെ ഉടമസ്ഥതയിലുള്ള അനധികൃത കെട്ടിടത്തിൽ ലൈസൻസില്ലാതെ കൊപ്ര കച്ചവടം നടത്തുന്നുവെന്ന പരാതിയും അജണ്ട 21 ആയി ചർച്ച ചെയ്തിട്ടുണ്ട്. ഈ വിഷയത്തിലും പരിശോധനനടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നല്കുകയും, ഇതിനെതിരെ കക്ഷികൾ വക്കീൽ നോട്ടീസ് നല്കുകയും ചെയ്തു കാണുന്നു. മേൽ രണ്ട് വിഷയങ്ങളിലും നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമല്ല. ഓഡിറ്റ് വർഷത്തിനു ശേഷവും അനധികൃത കച്ചവടം സംബന്ധിച്ച് നിരവധി പരാതികൾ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. 23.12.20 തീയതിയിൽ ബിനോയ്, പോതിയോട്ടക്കൽ, ചോറോട് എന്നയാളും 25.01.2021ന് കൊളായിമീത്തൽ ഹരിദാസൻ എന്നവരും നല്കിയ പരാതികൾ ഇതിൽ ചിലവയാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വ്യക്തമായ സൂചന ഇപ്രകാരം വിവിധതലങ്ങളിൽ നിന്നും ലഭിച്ചിട്ടും പരിശോധന നടത്താത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും മുൻറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-9 കെട്ടിടനിർമ്മാണ നിയന്ത്രണം -വീഴ്ചകൾ തുടരുന്നു

തദ്ദേശസ്ഥാപനപരിധിയിൽ കെട്ടിടനിർമ്മാണ നിയന്ത്രണം കാര്യക്ഷമമല്ലെന്ന് കഴിഞ്ഞ വർഷത്തെ ഓഡിറ്റിൽ വ്യക്തമാക്കിയിരുന്നു.ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1(2) ,1-2 എന്നിവയിൽ പ്രധാന നിയന്ത്രണ സംവിധാനമായ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കാത്തതിനാൽ ,പെർമിറ്റ് ലഭിച്ച കെട്ടിടങ്ങൾ തന്നെ സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്നുണ്ടോയെന്നോ,അല്ലാത്തവയുടെ കാര്യത്തിൽ പെർമിറ്റ് പുതുക്കുന്നുണ്ടോയെന്നോ നിരീക്ഷിക്കാൻ സ്ഥാപനത്തിന് കഴിയാത്ത കാര്യം സൂചിപ്പിച്ചിരുന്നു. കൂട്ടിച്ചേർക്കലുകൾ നടത്തുന്ന നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, പൂർത്തീകരണം നിരീക്ഷിക്കാത്തത് മൂലം വരുമാനനഷ്ടം ഉണ്ടാകാനുള്ള സാധ്യതയും വ്യക്തമാക്കിയിരുന്നു. കൂടാതെ, ഫീൽഡ് പരിശോധന നടത്തി പെർമിറ്റില്ലാതെ നിർമ്മാണം നടത്തിയതും നടത്തിവരുന്നതുമായ കെട്ടിടങ്ങൾ കണ്ടെത്താൻ ശ്രമിക്കാത്ത കാര്യവും ശ്രദ്ധയിൽ പെടുത്തിയിരുന്നു. ഇവ പരിഹരിക്കാനുള്ള നിർദ്ദേശം കൃത്യമായി നല്കിയിരുന്നെങ്കിലും നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കപ്പെട്ടിട്ടില്ല. റിപ്പോർട്ടിൽ പരാമർശിച്ചതിനു പുറമെ സ്ഥാപനപരിധിയിൽ അനധികൃത നിർമ്മാണം നടക്കുന്നത് സംബന്ധിച്ച് ലഭിച്ച നിരവധി പരാതികളിലൂടെ ,ഇത്തരം നിർമ്മാണപ്രവൃത്തികളുടെ വ്യാപ്തി സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെട്ടതാണ്.10.5.2019 തീയതിയിലെ 20,21അജണ്ടകളായി ചർച്ച ചെയ്യപ്പെട്ട വാർഡ് ഒന്നിലെ കൈതയിൽ ഹഫ്സത്തിന്റെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ അനധികൃതമായി കെട്ടിടനിർമ്മാണം നടത്തിയതും ,വാർഡ് 16ൽ ബലരാമൻ, സുനിൽകുമാർ, സുധീഷ് കുമാർ എന്നിവരുടെ ഉടമസ്ഥതയിലുള്ള അനധികൃത കെട്ടിടത്തിൽ ലൈസൻസില്ലാതെ കൊപ്ര കച്ചവടം നടത്തുന്നതും ഇതിന് ഉദാഹരണങ്ങളാണ്. കൂടാതെ താഴെ പറയുന്ന പരാതികളും ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്.

| ക്രമനം | തീയതി | പരാതിക്കാരൻ | അനധികൃതനിർമ്മാണം നടത്തിയയാൾ |
|---|---|---|---|
| 1 | 23.12.20 | തീരദേശജാഗ്രതാ സമിതി | ബിനോയ് ,പോതിയോട്ടക്കൽ |
| 2 | 18.5.2020 | മാണി നടുക്കണ്ടിപറമ്പ് | മഠത്തിൽ ചന്ദ്രൻ |
| 3 | 12.5.2020 | സിൻജ ടി കെ | അഷ്റഫ് മല്ലിച്ചേരികുറ്റിക്കുനി |
| 4 | 19.10.2020 | പുരുഷു | മഹമ്മൂദ് രയരോത്ത് |
| 5 | 29.2.2020 | ഭാസ്കരൻ ബാലവാടി | മല്ലച്ചേരി സോമൻ |
| 6 | 28.2.2020 | സുനിൽ മുതൽപേർ | സുമ |
| 7 | 4.2.2021 | Dyfi കുളങ്ങാട്ട് താഴ | അജേഷ് വെന്ത്ര |
| 8 | 29.7.2019 | റിയാസ് കീഴത്ത് കണ്ടി | രാജു ഒ പി |
| 9 | 25.7.2019 | വർണ്ണം റസി.അസോസിയേഷൻ | സുനിൽ കുമാർ ഇ കെ |

സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ നിയന്ത്രണാധികാരം വിനിയോഗിക്കുന്നതിലുള്ള വീഴ്ചയും, ഇതു മൂലമുണ്ടാകുന്ന ധനപരമായതുൾപ്പടെയുള്ള നഷ്ടങ്ങൾക്കും വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും മുൻറിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കി പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 1-10 വൗച്ചർ പരിശോധന അപാകത

2019-20 വർഷത്തെ വൗച്ചർ പരിശോധനയിൽ എഡ്യൂക്കേഷൻ റിലേറ്റഡ് ആക്ടിവിറ്റീസ് എന്ന ഹെഡിൽ 25.07.2019ലെ 21900278 വൗച്ചർ പ്രകാരം 7493 രൂപ പഞ്ചായത്തിലെ 77 വിദ്യാർത്ഥികൾക്കായി ക്യാമ്പ് നടത്തിയ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.12.05.2019ലെ കില ഡയറക്ടറുടെ കില/2019/101/2719/എച്ച്.ക്യൂ നമ്പർ കത്തിൽ ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 100/-രൂപ വീതം കിലയിൽ നിന്നും നൽകുന്നതാണ് എന്ന് വ്യക്തമാക്കിയതും 23.07.2019ന് ഫയലിൽ സെക്രട്ടറി കിലയിലേക്കുള്ള പ്രൊപ്പോസൽ,ബിൽ എന്നിവ തയ്യാറാക്കി സമർപ്പിക്കാൻ കുറിപ്പ് എഴുതിയെങ്കിലും തുടർനടപടി സ്വീകരിക്കാത്തതിനാൽ 7493/-രൂപ തനത് ഫണ്ടിന്

നഷ്ടമായിട്ടുണ്ട്. അപാകത സംബന്ധിച്ച് 23.06.2021ന് നൽകിയ ഓഡിറ്റ്അന്വേഷണകുറിപ്പ് 8/19-20ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 തൊഴിലുറപ്പ് പദ്ധതി ഭരണചെലവ് റീക്യൂപ്പ് ചെയ്തില്ല

അഡ്വാൻസ് ടു ഇംപ്ളിമെന്റിംഗ് ഓഫീസേർസ് എന്ന ഹെഡിൽ തൊഴിലുറപ്പ് പദ്ധതിക്ക് ഭരണചെലവിനായി 12.03.18,31.03.18 എന്നീ തീയ്യതികളിലായി വൗച്ചർ നമ്പർ 21700821, 21701079 മുതൽ 21701085 വരെ 8 വൗച്ചറുകളായി 101416/-രൂപ നൽകിയത് റീക്യൂപ്പ് ചെയ്തതായി കാണുന്നില്ല. തുടർ നടപടി സ്വീകരിക്കാത്തതിനാൽ 101416/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്. അപാകത സംബന്ധിച്ച് 25.06.2021ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 13/19-20ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തെരുവ് വിളക്ക് സംയുക്തപരിശോധന പൂർണ്ണമായില്ല

2019-20 വർഷത്തെിൽ മീറ്ററുകൾ സ്ഥാപിച്ച 66 തെരുവ് വിളക്കുകൾ പ്രവൃത്തിപ്പിച്ച വകയിൽ 1,99,209/- രൂപ നൽകിയിട്ടുണ്ട്. 23.01.2019ലെ സെക്രട്ടറിയുടെ എ3/7189/17 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി മുട്ടിങ്ങൽ സെക്ഷന് കീഴിലുള്ളവയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. 16.01.2019ന് ഓർക്കാട്ടേരി കെ.എസ്.ഇ.ബി സെക്ഷന് കീഴിലുള്ളവയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് കൂടി ലഭ്യമായ ശേഷം കുറ്റമറ്റ രീതിയിൽ എല്ലാ സ്ട്രീറ്റ് ലൈറ്റുകളും ഉൾപ്പടെ രജിസ്റ്റർ തയ്യാറാക്കാൻ സെക്രട്ടറി കുറിപ്പ് എഴുതിയിട്ടുണ്ട് ഓർക്കാട്ടേരി സെക്ഷന് ഇൻസ്പെക്ഷൻ നടത്തുന്നതിനായി ഒരു കത്ത് തയ്യാറാക്കുന്നതിന് 28.01.2019ന് സെക്രട്ടറി കുറിപ്പ് എഴുതിയിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല.ഏല്പിക്കപ്പെട്ട ചുമതലകൾ യഥാസമയം പാലിക്കാത്തത് കാരണം, കൃത്യതയില്ലാതെ വൈദ്യുതി ചാർജ് നൽകേണ്ട അവസ്ഥയാണ് പഞ്ചായത്തിനുണ്ടാകുന്നത്. 2016-17ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 ൽ സമാനമായ അപാകത ചൂണ്ടികാണിച്ചെങ്കിലും ആയത് തുടർന്ന് പോരുന്ന അവസ്ഥയാണ് നിലവിലുള്ളത്. അപാകത സംബന്ധിച്ച് 23.06.2021ന് നൽകിയ ഓഡിറ്റ്അന്വേഷണകുറിപ്പ് 9/19-20ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 മരാമത്ത് പ്രൊജക്ടുകൾ - തുക വിനിയോഗം കുറവ്

ഓഡിറ്റ് വർഷം ആകെ 88 മരാമത്ത് പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ തൻവർഷം ആകെ 51 പ്രൊജക്ടുകൾക്ക് തുക ചെലവഴിച്ചു. ആകെ 44090138 രൂപ വകയിരുത്തിയതിൽ 12447943 രൂപയാണ് ചെലവുള്ളത്. വകയിരുത്തിയ തുകയുടെ 28% മാത്രമാണ് ചെലവ്. (സർക്കാർ ഗ്രാന്റിനത്തിൽ പ്രൊജക്ടുകളിൽ വകയിരുത്തിയ മുഴവൻ തുക യും ബജറ്റ് അലോക്കേഷൻ പ്രകാരം തൻവർഷം ലഭിച്ചിട്ടില്ല.) 2019-20 ൽ ഗ്രാമപഞ്ചായത്തിൽ ആകെ 176 പ്രൊജക്ടുകളാണുള്ളത്. ഇതിൽ 88എണ്ണവും മരാമത്ത് മേഖലയിലാണ്.(50 %. ) തൻവർഷം തീരെ തുക ചെലവില്ലാത്ത 58 പ്രൊജക്ടുകളിൽ 37എണ്ണവും മരാമത്ത് പ്രൊജക്ടുകളാണ്. ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിച്ച 42.83 ശതമാനം സർക്കാർ ഗ്രാന്റ് ലാപ്സായിട്ടുള്ളത് പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളിൽ പകുതിയോളമുള്ള മരാമത്ത് പ്രൊജക്ടുകളിൽ തുക വിനിയോഗം കുറഞ്ഞത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫണ്ട് വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്ന തരത്തിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വർഷങ്ങളായി തുക വകയിരുത്തുന്നെങ്കിലും നാളിതുവരെ പ്രൊജക്ടുകൾ നടപ്പാക്കിയില്ല.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി, സ്റ്റേഡിയം നിർമ്മാണം, ആയുർവ്വേദാശുപത്രി കെട്ടിട നിർമ്മാണം എന്നിവയ്ക്ക് മുൻ വർഷങ്ങളിലും തൻവർഷവും രൂപം നല്കിയ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടും നാളിതുവരെ നടപ്പാക്കാത്തതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| വർഷം | പ്രൊജ. നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം | ചെലവ് |
|---|---|---|---|---|---|
| 1. സ്റ്റേഡിയം നിർമ്മാണം | | | | | |
| 2015-16 | 78/16 | സ്റ്റേഡിയം നിർമ്മാണം | 1500000 | കേന്ദ്ര ഫണ്ട് | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 2016-17 | 187/17 | ടി | 55500000 | 2.5 കോടി തനതുഫണ്ട്<br>20 ലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതം<br>2.85 കോടി മറ്റുള്ളവ | ഇല്ല |
| 2017-18 | 183/18 | സ്റ്റേഡിയം നിർമ്മാണം അനുബന്ധ ചെലവ് | 1300000 | തനതുഫണ്ട് | ഇല്ല |
| 2018-19 | 156/19 | ടി | 1300000 | തനതുഫണ്ട് | ഇല്ല |
| 2019-20 | 139/20 | ടി | 1300000 | ടി | ഇല്ല |
| 2. ആയുർവ്വേദാശുപത്രി കെട്ടിടം നിർമ്മാണം | | | | | |
| 2017-18 | 141/18 | ആയുർവ്വേദാശുപത്രി കെട്ടിട നിർമ്മാണം | 1000000 | തനതുഫണ്ട് | ഇല്ല |
| 2018-19 | 165/19 | ടി | 2500000 | ടി | ഇല്ല |
| 2019-20 | 170/20 | ടി | 2500000 | ടി | ഇല്ല |

ചോറോട് വില്ലേജിലെ റി.സ നം. 72/2 നമ്പറിലുള്ള 60സെന്റ് സ്ഥലത്ത് (വാർഡ് നം. 19)സ്റ്റേഡിയം നിർമ്മിക്കുന്നതിനാണ് മേൽ ചേർത്ത പ്രകാരം 2015-16 മുതൽ പ്രൊജക്ടുകൾക്ക് രൂപം നല്കിവരുന്നത്. അതേപോലെ റി.സ.നം. 75/1നമ്പറിലുള്ള 5.2സെന്റ് സ്ഥലത്ത് ആയുർവ്വേദാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 മുതലും പ്രൊജക്ടുകൾക്ക് രൂപം നല്കി വരുന്നു. ഇപ്രകാരം വർഷങ്ങളോളം പ്രൊജക്ടുകൾക്ക് രൂപം നല്കുകയല്ലാതെ ഓഡിറ്റ് വർഷം വരെ വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല. മറ്റ് വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്ന തുക നടപ്പാക്കാത്ത പ്രൊജക്ടുകൾക്കായി ഓരോ വർഷവും വകയിരുത്തിക്കൊണ്ടിരിക്കുന്നത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന നടപടിയാണെന്ന് മാത്രമല്ല മരാമത്ത് പ്രൊജക്ടുകളുടെ ആസൂത്രണത്തിലെ അപാകത കൂടിയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് നടപ്പാക്കാത്തത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 നടപടിക്രമങ്ങൾ പാലിക്കാതെ മരാമത്ത് പ്രൊജക്ടുകളുടെ രൂപീകരണം - നിർവ്വഹണം യഥാസമയം നടക്കാത്തത് ഫണ്ട് വിനിയോഗം കുറയ്ക്കുന്നു

1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഓ(പി) 13/2012/PWD തീയ്യതി 1.2.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗരേഖ എന്നിവയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രൊജക്ടുകൾ ആസൂത്രണം ചെയ്യപ്പെടേണ്ടതും നിർവ്വഹണം പൂർത്തിയാക്കേണ്ടതും. ഓഡിറ്റ് വർഷത്തെ മരാമത്ത് പ്രൊജക്ടുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നിയമാനുസൃതമായ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടാത്തത്, പ്രൊജക്ടുകളിൽ ഭേദഗതി വരുത്തുന്നതിന് കാരണമാകുന്നതായി ഭരണസമിതി തീരുമാനങ്ങളിൽ നിന്ന് വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഭരണ സമിതി തീരുമാനം നം. | പ്രൊജക്ട് നം./പേര് | ഭേദഗതി തീരുമാനം | അഭിപ്രായം |
|---|---|---|---|---|
| 1 | 150/28.9.19 | 115/20ജി.എൽ.പി.എസ്. | വകയിരുത്തിയ3 ലക്ഷം | ഒരേ പ്രൊജക്ടിന്റെ |

| | | | | |
|---|---|---|---|---|
| | | മുട്ടുങ്ങൽ നവീകരണം | തികയാത്തതിനാൽ 5 ലക്ഷം വകയിരുത്തുന്നതിനും ആവശ്യമായ കൂടുതൽ തുക, പ്രൊജ. നം. 107/20 റിവൈസ് ചെയ്ത് മാറ്റുന്നതിനും തീരുമാനിച്ചു. | അടങ്കലിന് രണ്ട് പ്രാവശ്യം ഭേദഗതി തീരുമാനം. സാങ്കേതികാനുമതി പ്രകാരം അന്തിമ വകയിരുത്തൽ 6.6 ലക്ഷം(സംരക്ഷണ ഗ്രാന്റ്-റോഡിതരം) തൻവർഷം ചെലവില്ല. |
| 2 | 252/24.1.2020 | ടി | മേൽക്കൂരയുടെ പട്ടിക മുഴുവൻ ഇരുമ്പുപട്ടയാക്കേണ്ടതിനാലും മറ്റ് അറ്റകുറ്റപണികൾക്കുമായി 5.5 ലക്ഷം ആവശ്യമായതിനാൽ പ്രൊജ. നം. 114/20 ൽ അധികമായി വകയിരുത്തിയ തുക മാററി വകയിരുത്താൻ തീരുമാനം | |
| 3 | 151/28.9.19 | 107/20പള്ളിക്കൽത്താഴ ഫുട്പാത്ത് നിർമ്മാണം | മൂന്ന് ലക്ഷം വകയിരുത്തിയ പ്രവൃത്തിക്ക് 1 ലക്ഷം മതിയാകുന്നതാണെന്ന അസി.എഞ്ചിനീയരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി | അന്തിമ വകയിരുത്തൽ 1ലക്ഷം(തനതു ഫണ്ട്) തൻവർഷം ചെലവില്ല. |
| 4 | 243/4.1.2020 | 152/20 നം.57, 75, ഉദയ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം | നിലവിലുള്ള മതിൽ അപകടാവസ്ഥയിലായതിനാൽ നിലവിലുള്ള മതിലിൽ ഗ്രിൽ സ്ഥാപിക്കുന്നതിനുള്ള ഒറിജിനൽ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി ഭരണാനുമതി തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനം. | ഡിറ്റൈൽഡ് എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭിച്ചത് 5 ലക്ഷത്തിനാണെങ്കിലും പ്രൊജക്ടിൽ വകയിരുത്തിയത് 8.5 ലക്ഷമാണ്. (സംരക്ഷണ ഗ്രാന്റ് - റോഡിതരം) തൻവർഷം ചെലവില്ല |

13ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം, ഗ്രാമസഭനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പ്രൊജക്ടുകളുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് തയ്യാറാക്കേണ്ടതാണ്. ലിസ്റ്റ് പ്രകാരമുള്ള പ്രവൃത്തികളിൽ, സൈറ്റ് പരിശോധന നടത്തി നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം അസി.എഞ്ചിനീയർ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. (1997 ലെ കേ.പ.രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം 3 (2), 2012ലെ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 1601.1.1) ഇപ്രകാരം റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കണക്കാക്കപ്പെട്ടതും വർക്കിങ്ങ് ഗ്രൂപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഭരണസമിതിയും ഭരണാനുമതി നല്കേണ്ടത്. മേൽചേർത്ത പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

നിലവിലുള്ള സാഹചര്യത്തിൽ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ചെലവ് കൃത്യമായി കണക്കാക്കിക്കൊണ്ട് വിശദമായ സൈറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഡീറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. മേൽചേർത്ത പട്ടിക പരിശോധിച്ചാൽ സൈറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടു എന്ന് പറയാനാവില്ല.

പട്ടികയിലെ ക്രമ നം. 4, (പ്രൊജക്ട് നം. 152/20) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, 5 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിനാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. സാങ്കേതികാനുമതി ലഭിച്ചതിനേക്കാൾ വളരെ കൂടുതൽ തുക(8.5ലക്ഷം)യാണ് പ്രൊജക്ടിൽ സംരക്ഷണഗ്രാന്റ് (റോഡിതരം) വകയിരുത്തിട്ടുള്ളത്. അതായത് യഥാർത്ഥ ആവശ്യത്തിലും കൂടുതൽ. 8.5 ലക്ഷം രൂപ. ഇത് ഫണ്ട് വകയിരുത്തുന്നതിലെ അശാസ്ത്രീയതയിലേക്ക് വിരൽ ചൂണ്ടുന്നു. കൂടാതെ, 8.5 ലക്ഷം രൂപ ഭരണാനുമതിയുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേക്കാം എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമല്ല. ഭേദഗതി ചെയ്യേണ്ടിവന്ന മേൽ പ്രൊജക്ടുകളിലൊന്നും തൻവർഷം തുക വിനിയോഗിക്കപ്പെട്ടിട്ടില്ല.

വ്യക്തമായ ആസൂത്രണമില്ലാതെയും നിയമപരമായ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയും മരാമത്ത് പ്രൊജക്ടുകൾക്ക് രൂപം നല്കുന്നത് കാരണം യഥാസമയം പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ്. വികസന പ്രവർത്തനങ്ങൾ കാര്യക്ഷമവും ദ്രുതഗതിയിലുമാക്കുന്ന തരത്തിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് പ്രൊജക്ടുകൾക്ക് രൂപം നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 മൽസ്യവില്പനയ്ക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ മൽസ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്.പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഫിഷറീസ് ഇൻസ്പെക്ടർ |
| പ്രോജക്ട് നം. | 120/20 |
| അടങ്കൽ | 594060/- (300000 + 294060 ) |
| ഫണ്ട് | വികസന ഫണ്ട്/ഗുണഭോക്തൃ വിഹിതം |
| ചെലവ് | 119940/- |
| ബിൽ നം,തിയ്യതി. | 3/ 19-20/14.10.19 |

പദ്ധതിയിലുൾപ്പെടുത്തി നാല് ഗുണഭോക്താക്കൾക്ക് മോട്ടോർ സൈക്കിളും,ഐസ് ബോക്സും വാങ്ങുന്നതിന് പരമാവധി 30000/- രൂപ ആനുകൂല്യം നൽകി.പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയിൽ ആനുകൂല്യം ലഭിച്ച അനീഷ് മുക്കാടൻകണ്ടി (വാർഡ് 1)എന്ന ഗുണഭോക്താവിന്റെ പേര് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവ് അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടത് എങ്ങിനെയെന്ന് വ്യക്തമല്ല.

2. മൽസ്യമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് സാമ്പത്തിക വർഷം ആദ്യമായി യോഗം ചേർന്നത് 09.01.2020 നാണ്. പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ നിയമപരമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ ആവശ്യമായ ശ്രദ്ധ ചെലുത്തിയിട്ടില്ല.

3. പ്രോജക്ടിൽ വാങ്ങലുകൾ നടത്തേണ്ടത് ടെണ്ടർ മുഖേനയാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ ഗുണഭോക്താക്കൾ വിതരണക്കാരിൽ നിന്ന് നേരിട്ട് മോട്ടോർ സൈക്കിളുകൾ വാങ്ങുകയാണുണ്ടായത്. പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ ഈ പദ്ധതിയിലെ വാങ്ങലുകൾ സംബന്ധിച്ച് ചർച്ച

നടന്നതായി കാണുന്നില്ല. ടെണ്ടർ മുഖേന വാങ്ങിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വിലക്കുറവ് പ്രയോജനപ്പെടുത്താൻ സാധിച്ചില്ല.

4. രജിസ്റ്റേർഡ് മൽസ്യതൊഴിലാലികൾക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത് , എന്നാൽ ആനുകൂല്യം ലഭിച്ച വി.കെ മുനവി വല്ലത്ത്കുന്ന് എന്ന ഗുണഭോക്താവ് കേരള മൽസ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുത്തിട്ടുണ്ടെങ്കിലും ഇതിലേക്ക് അവസാനമായി വിഹിതം അടച്ചിരിക്കുന്നത് 15.02.2017 നാണ്. ആനുകൂല്യം നൽകുന്ന സമയത്ത് അംഗത്വം ഉണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5. വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/19-20/21.06.21) മറുപടി സമർപ്പിച്ചിട്ടില്ല. ലിസ്റ്റിൽ ഉൾപ്പെടാത്ത അനീഷ് മുക്കാടൻകണ്ടി എന്ന ഗുണഭോക്താവിന് സബ്സിഡി ഇനത്തിൽ നൽകിയ 30000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-17 കാർഷിക പ്രൊജക്റ്റുകൾ - കൃത്യമായ ആസൂത്രണമില്ല-നിർവ്വഹണം നിരീക്ഷിക്കപ്പെടുന്നില്ല

നിർവ്വഹണം- കൃഷി ഓഫീസർ

കാർഷിക മേഖലയിൽ ആകെ 7 പ്രൊജക്റ്റുകൾ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്യുകയും അവയെല്ലാം ഭാഗികമോ പൂർണ്ണമോ ആയി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 19.43 ലക്ഷം രൂപ വകയിരുത്തിയതിൽ 12.38ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. വാഴ, തെങ്ങ്, പച്ചക്കറി, കുരുമുളക്, നെല്ല് എന്നിവ കൃഷി ചെയ്യുന്നതിന് സബ്സിഡി നല്കുക എന്നതാണ് പ്രൊജക്റ്റുകളുടെ പ്രധാന ഉദ്ദേശ്യമെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട്,വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് എന്നിവ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ മേഖലയിലെ ഇടപെടലിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

## 1-17-1 പ്രൊജക്റ്റ് രൂപീകരണം അടിസ്ഥാനവിവരങ്ങൾ വെളിവാക്കുന്ന ആവശ്യകത തിരിച്ചറിഞ്ഞല്ല

അടിസ്ഥാനവിവരങ്ങൾ വെളിവാക്കുന്ന ആവശ്യകത തിരിച്ചറിഞ്ഞല്ല കാർഷികമേഖലയിൽ പ്രൊജക്റ്റുകൾ രൂപീകരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ അപൂർണ്ണവും ആശ്രയിക്കാൻ പറ്റാത്തതുമായ ഡാറ്റാ ഇത് വെളിപ്പെടുത്തുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിലും ഡാറ്റാ അടിസ്ഥാനപ്പെടുത്തിയുള്ള പ്രൊജക്റ്റ് നിർദ്ദേശങ്ങൾ വന്നിട്ടില്ലെന്ന് കണ്ടു. യാതൊരു ചർച്ചകളുമില്ലാതെ ചില പ്രൊജക്റ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്.(ഓഡിറ്റ് വർഷത്തെ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് ആകെ നാലു യോഗങ്ങൾ ചേർന്നതിൽ ആദ്യത്തേത് ആസൂത്രണത്തിനും രണ്ടാമത്തേത് ഗുണഭോക്തൃ തെരെഞ്ഞെടുപ്പിനും മറ്റ് രണ്ടെണ്ണം നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനുമാണ്) ഈ പ്രൊജക്റ്റുകൾ എല്ലാം തന്നെ വർഷാവർഷങ്ങളിൽ ആവർത്തിച്ച് വരുന്നവയുമാണ്. കാർഷിക പുരോഗതി ലക്ഷ്യം വച്ച് കൃത്യമായ പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്യുന്നതിന് പകരം ഗുണഭോക്താക്കൾക്ക് എന്തെങ്കിലും ധനസഹായം ലഭിക്കുക എന്നത് മാത്രമാണ് പ്രൊജക്റ്റുകൾക്കൊണ്ട് സ്ഥാപനം ഉദ്ദേശിച്ചതെന്ന് വ്യക്തമാണ്. കൃഷിക്ക് അനുയോജ്യമായ വിസ്തൃതി, തരിശുഭൂമിയിൽ കൃഷിയോഗ്യമായതും അല്ലാത്തതുമായ ഭൂവിസ്തൃതി, നെൽവയലുകളുടെ വിസ്തൃതി തുടങ്ങിയ പ്രധാനപ്പെട്ട വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് നല്കുന്നില്ലെന്നത് ശ്രദ്ധേയമാണ്. വിവിധ കാർഷികവിളകളുടെ നിലവിലെ വ്യാപനത്തിന്റെ തോത്, ഉൽപാദന ക്ഷമത, ഒരു വർഷത്തെ ഇടപെടലുകൊണ്ട് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന വിള വിസ്തൃതി, ഉല്പാദനക്ഷമത, അതിനാവശ്യമായ ഘടകങ്ങൾ, സബ്സിഡി ഇനങ്ങൾ എന്നിവ പരിഗണിച്ചാണ് പ്രൊജക്റ്റ് രൂപീകരണം നടക്കേണ്ടതെന്നത് വിസ്മരിക്കപ്പെട്ടുകാണുന്നു. വിനിയോഗിക്കപ്പെട്ട തുകയ്ക്ക് അനുസൃതമായല്ലെങ്കിലും, കാർഷികമേഖലയിൽ ചില ഉന്നതികൾക്ക് മേൽ പ്രൊജക്റ്റുകൾ കൊണ്ട് കഴിഞ്ഞിരിക്കാം.എന്നാൽ ഇടപെടേണ്ട യഥാർത്ഥ ആവശ്യം തിരിച്ചറിയപ്പെടാത്തത് കാർഷികമേഖലയുടെ സമഗ്രമായ വികസനത്തേയും അതുവഴിയുള്ള ദാരിദ്ര്യ ലഘൂകരണത്തേയും പ്രതികൂലമായി ബാധിക്കുന്നതാണ്.

## 1-17-2 പ്രൊജക്റ്റുകളുടെ നിർവ്വഹണം ഫലപ്രാപ്തി എന്നിവ നിരീക്ഷിക്കപ്പെട്ടില്ല

നിർവ്വഹണം നടത്തിയ 7 പ്രൊജക്റ്റുകളുടെ കാര്യത്തിലും അവയുടെ നിർവ്വഹണവും ഫലപ്രാപ്തിയും

നിരീക്ഷിക്കപ്പെട്ടിട്ടില്ല. കേവലം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുക,ധനസഹായം വിതരണം ചെയ്യുക എന്നതിൽ മാത്രമൊതുങ്ങി സ്ഥാപനത്തിന്റെ ഇടപെടൽ. വിതരണം ചെയ്യപ്പെട്ട സഹായങ്ങൾ പരമാവധി ഫലം നല്കും വിധത്തിൽ വിനിയോഗിച്ചോയെന്ന് നിരീക്ഷണസംവിധാനമായ വർക്കിംഗ് ഗ്രൂപ്പ്(നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള) പരിശോധിച്ചിട്ടില്ല. സഹായം വിതരണം ചെയ്ത വിളകളുടെ കാര്യത്തിൽ പ്രൊഡക്ടിവിറ്റി എത്രത്തോളം വർദ്ധിച്ചെന്നും ഒരു സംവിധാനവും വിലയിരുത്തിയിട്ടില്ല.

## 1-17-3 പൂർണ്ണമായ ധനവിനിയോഗം സാധ്യമായില്ല-ഫണ്ട് നഷ്ടപ്പെട്ടു

7 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയായ 19.43ലക്ഷം രൂപയുടെ 63.71ശതമാനം (12.38ലക്ഷം രൂപ) മാത്രമാണ് ചെലവഴിക്കാനായത്. ഇത് മൂലം 7.05 ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും നഷ്ടമായി. പ്രൊജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അർഹതപ്പെട്ട ഗുണഭോക്താക്കളുടെ കൃത്യമായ ഡാറ്റായില്ലാത്തതാണ് ഇതിന് കാരണമെന്ന് കാണാം.

കാർഷിക മേഖലയിലെ പ്രൊജക്ട് നിർവ്വഹണത്തിലുണ്ടായ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് പുരോഗതി അറിയിക്കേണ്ടതുമാണ്.

## 1-18 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ വീഴ്ച

ഗ്രാമപ്പഞ്ചായത്തിൽ ആകെ 35 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 23 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിട സൗകര്യമുള്ളൂ. മൂന്ന് എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബാക്കി ഒൻപതെണ്ണം സ്വകാര്യ വ്യക്തികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും കെട്ടിടത്തിൽ വാടക നല്കാതെ പ്രവർത്തിച്ച് വരുന്നു.സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത ഏഴ് അങ്കണവാടികളുണ്ട്. ബേബി ഫ്രന്റ്ലി ടോയ്‌ലറ്റ് സൗകര്യം ഒരു അങ്കണവാടിയിലും ഏർപ്പെടുത്തിയിട്ടില്ല.

സാമൂഹ്യ നീതിയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യത്തിലെ പോരായ്മകൾ സംബന്ധിച്ച് വിശദമായ ഡാറ്റ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വനിതാ ശിശു വികസന മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഇത്തരം പോരായ്മകളെക്കുറിച്ച് ചർച്ച നടന്നതായി കാണുന്നില്ല. ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് പൂർണ്ണമായും വിജയിച്ചിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/19-20/24.06.21) മറുപടി നൽകിയിട്ടില്ല. അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല.

വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ ഇരട്ടിപ്പ് വരുന്നില്ലന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാതെ നടപ്പാക്കിയതായി കാണുന്നു. വിദ്യഭ്യാസ മേഖലയിൽ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പാക്കിയ രണ്ട് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) <u>പ്രൈമറി സ്കൂൾ ഇന്റഗ്രേറ്റഡ് സ്പെഷ്യൽ സ്കീം ഫോർ അച്ചീവ്മെന്റ് പദ്ധതി</u>

ഗ്രാമപ്പഞ്ചായത്തിലെ പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷക്ക് പരിശീലനം നൽകുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയത്.പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 175/20 |
| അടങ്കൽ | 48250/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 13607/- |
| ബിൽ നം,തിയ്യതി. | 05/ 19-20/30.03.20 |

ഈ പദ്ധതിയിലുൾപ്പെടുത്തി അധ്യാപക ശാക്തീകരണ ശിൽപ്പശാല, രക്ഷാകർതൃ ശിൽപ്പശാല, എൽ.എസ്.എസ് പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിയത്.

2) പ്രൈമറി സ്കൂളുകളിൽ ഗണിതലാബ് - പദ്ധതി

ഗ്രാമപഞ്ചായത്തിലെ പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഗണിതവിഷയത്തിൽ ലാബ് സ്ഥാപിച്ച് പരിശീലനം നൽകുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയത്. പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 56/20 |
| അടങ്കൽ | 103290/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 43900/- |
| ബിൽ നം,തിയ്യതി. | 04/ 19-20/30.03.20 |

സ.ഉ.(കൈ) 11/2018 തസ്വഭവ/ 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7-6 (4) യിൽ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുക,പരിശീലനം സംഘടിപ്പിക്കുക, തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ /ആർ.എം.എസ്.എ,വിദ്യഭ്യാസ വകുപ്പ് എന്നിവ നടത്തുന്ന പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഇത് പരിഗണിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. ഇതേ വർഷം പ്രോജക്ട് നമ്പർ 4/2020 ൽ ഉൾപ്പെടുത്തി 700000/- രൂപ എസ്.എസ്.എ യ്ക്ക് നൽകിയിട്ടുണ്ട്. മേൽ വിവരിച്ച പ്രവർത്തനങ്ങൾ തന്നെയാണ് എസ്.എസ്.എ യും നടത്തിവരുന്നത്. പദ്ധതിയിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാതെയാണ് ഇത് നടപ്പാക്കിയിരിക്കുന്നത്.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/19-20/21.06.21) മറുപടി നൽകിയിട്ടില്ല.

2017 – 18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 ൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പു വരുത്താത്തത് സംബന്ധിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ തയ്യാറായിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനും, ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവയുടെ ഭാഗത്ത് നിന്ന് ജാഗ്രതയോടെയുള്ള പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ഗുണനിലവാരം കുറഞ്ഞ കട്ടിൽ വിതരണം ചെയ്ത സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ചില്ല.

2018 – 19 വർഷത്തിൽ പ്രൊജക്ട് നംമ്പർ 59/19 ആയി 113100/- രൂപ വകയിരുത്തി 22 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതി നടപ്പാക്കിയിരുന്നു. ഈ പദ്ധതിയിൽ കട്ടിൽ വിതരണം ചെയ്യുന്നതിന് ടെണ്ടർ ലഭിച്ചത് ഫിഡ്കോ കോഴിക്കോട് എന്ന സ്ഥാപനത്തിനാണ്. കരാർ വ്യവസ്ഥ പ്രകാരം ആഞ്ഞിലി മരത്തിൽ തീർത്ത കട്ടിലുകൾ വിതരണം ചെയ്യേണ്ടതിന് പകരം ഗുണനിലവാരം കുറഞ്ഞ പാഴ്മരം കൊണ്ടുണ്ടാക്കി മഞ്ഞപെയിന്റ് ചെയ്ത കട്ടിലുകളാണ് വിതരണം ചെയ്തത്. ഗുണഭോക്താക്കൾ ഈ കട്ടിലുകൾ സ്വീകരിക്കാൻ തയ്യാറാകാത്തതിനാൽ കട്ടിലുകൾ സ്ഥാപനം തിരിച്ചെടുത്തു. ഭരണസമിതിയുടെ 29.03.019 ലെ 1/186(5)/2018-19 നമ്പർ തീരുമാനപ്രകാരം ഫിഡ്കോയ്ക്ക് നൽകിയ സപ്ലൈ ഓർഡർ റദ്ദ് ചെയ്യുന്നതിനും 2019 – 20 വർഷത്തേക്ക് ഇതിനായി ഒരു സ്പിൽ ഓവർ പദ്ധതി തയ്യാറാക്കുന്നതിനും തീരുമാനിച്ചു. ഇതിനെ തുടർന്ന് 2019–20 വർഷത്തിൽ പ്രൊജക്ട് നം 128/20 ആയി പദ്ധതി നിർവ്വഹണം നടത്തുകയും 22 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം നടത്തുകയും ചെയ്തു. എന്നാൽ ഫിഡ്കോ കരാർ ലംഘനം നടത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് ടെണ്ടർ ചെയ്ത ഇനത്തിൽ ചെലവഴിച്ച തുകയും,പദ്ധതിക്ക് വകയിരുത്തിയ തുകയും മുഴുവൻ നഷ്ടമായി. എന്നാൽ നഷ്ടം വന്ന

തുക കമ്പനിയിൽ നിന്ന് തിരികെ ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടായില്ല. പ്രൊക്യുയർമെന്റ് കമ്മിറ്റിയിൽ ഈ വിഷയത്തിൽ ചർച്ചകൾ നടന്നതായി കാണുന്നില്ല. നിയമ നടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/19-20/24.06.21) മറുപടി നൽകിയിട്ടില്ല. ഗുണനിലവാരം കുറഞ്ഞ കട്ടിലുകൾ സപ്ലൈ ചെയ്ത് ഗ്രാമപഞ്ചായത്തിന് നഷ്ടം വരുത്തിവെച്ച ഫിഡ്കോയ്ക്കെതിരെ നിയമ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 പത്താം ക്ലാസ്,പ്ലസ് വൺ തുല്യതാ പഠനം - ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാതെ പദ്ധതി നടപ്പാക്കി

ഗ്രാമപ്പഞ്ചായത്തിലെ തുടർ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പത്താം തരം,പ്ലസ് വൺ തുല്യതാ പരീക്ഷകളുടെ കോഴ്സ് ഫീസ്,റജിസ്ട്രേഷൻ ഫീസ് എന്നിവ അടയ്ക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 29/20 |
| അടങ്കൽ | 40500/- |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | 38500/- |
| ചെക്ക്നം,തിയ്യതി. | 232928/ /27.02.20 |

പത്താം ക്ലാസ് തുല്യതയ്ക്ക് 10 പേർക്കും, പ്ലസ് ടു തുല്യതയ്ക്ക് 8 പേർക്കുമാണ് തുക അടച്ചിരിക്കുന്നത്.എന്നാൽ ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമസഭയല്ല. സാക്ഷരതാ പ്രേരക് നൽകിയ ലിസ്റ്റിലെ ഗുണഭോക്താക്കൾക്കാണ് ഇവിടെ ആനുകൂല്യം നൽകിയിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ സഭയിൽ നിക്ഷിപ്തമാണ് എന്നിരിക്കേ, ഗ്രാമസഭ അറിയാതെ സമാന്തരമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ശരിയല്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19-20/24.06.21) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 38500/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 ബഡ്സ് സ്കൂൾ നടത്തിപ്പ് - ആവശ്യമായ ജീവനക്കാരെ നിയമിച്ചില്ല.

ഗ്രാമപ്പഞ്ചായത്തിൽ 2011 മുതൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് ആവശ്യമായ ജീവനക്കരെ നിയമിച്ചിട്ടില്ല. സ.ഉ (കൈ) നം.22/2018 തസ്വഭവ തി.14.02.2018 പ്രകാരമുള്ള മാർഗ്ഗരേഖ.ഖ.7.1.8 (4) ൽ ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരെ നിയമിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.ഇപ്പോൾ ഇവിടെ 29 കുട്ടികളാണ് പഠിച്ച് കൊണ്ടിരിക്കുന്നത്, നിലവിൽ ഒരു ടീച്ചറും രണ്ട് ഹെൽപ്പർമാരുമാണ് ഇവിടെ ഉള്ളത്. സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നതായി കാണുന്നില്ല. മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ മാനസികവൈകല്യമുള്ള 111 കുട്ടികളുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവരെ ബഡ്സ് സ്കൂളിൽ എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ പ്രവർത്തിച്ച് വരുന്ന ബഡ്സ് സ്കൂൾ കെട്ടിടത്തിൽ ആവശ്യമായ സ്ഥലസൗകര്യം ഇല്ലാത്ത അവസ്ഥയാണുള്ളത്. ബഡ്സ് സ്കൂളിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/19-20/24.06.21) മറുപടി നൽകിയിട്ടില്ല. ബഡ്സ് സ്കൂളിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റ് നിർവ്വഹിച്ച കാലയളവ് | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | -- | 50000 | ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 6308 | 43692 |
| Do | 2019-20 | 700000 | ലൈഫ് മിഷൻ | 700000 | 0 |
| Do | 2019-20 | 200000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| Do | -- | 832500 | ജറിയാട്രിക് ക്ലിനിക്ക് കെട്ടിട നിർമ്മാണം | 214072 | 618428 |
| ജില്ലാ പഞ്ചായത്ത് | -- | -- | -- | -- | 435429 |
| Do | -- | -- | -- | -- | 131758 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികളൊന്നും തന്നെ നല്കിയിട്ടില്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 2630400/-രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ

വിവരം താഴെ കാണിക്കുന്നു

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ULCCS | കുരിക്കിലാട് ഭജന മഠം ഹൈസ്കൂൾ റോഡ് ടാറിങ് | 28/10-20 | 140000 | | |
| 2 | | മാപ്പിളക്കണ്ടി താഴ വിലങ്ങിൽ താഴ റോഡ് ടാറിങ് | 29/19-20 | 140000 | | |
| 3 | | വാഴയിൽ മുക്ക് നടുക്കണ്ടി മുക്ക് റോഡ് ടാറിങ് | 30/19-20 | 105000 | | |
| 4 | | പൊതുജന വായനശാല താഴയിൽ മുക്ക് റോഡ് ടാറിങ് | 31/19-20 | 140000 | | |
| 5 | | ചെക്കിപ്പുറത്ത് കളരിക്കണ്ടി മുക്ക് റോഡ് ടാറിങ് | 26/19-20 | 140000 | | |
| 6 | | നടേമ്മൽ മുക്ക് വരിശ്യക്കുനി പടവത്തും താഴ റോഡ് ടാറിങ് | 32/19-20 | 140000 | | |
| 7 | | പഴയ പോസ്റ്റ് ഓഫീസ് മുതൽ ചീരോക്കര വരെ റോഡ് പാച്ച് വർക്ക് | 34/19-20,35/19-20 | 146400 | | |
| 8 | | ക്രഷ് മുക്ക് കുന്നോത്ത് | 36/19-20 | 140000 | | |

| | | | | | | |
|---|---|---|---|---|---|---|
| | | മുക്ക് റോഡ് ടാറിങ് | | | | |
| 9 | | NH ഹൈവേ തുപ്രക്കണ്ടി റോഡ് ടാറിങ് | 37/19-20 | 140000 | | |
| 10 | | ഓലക്കണ്ടി മുക്ക് പുതിയോട്ടിൽ മുക്ക് വാട്ടർടാങ്ക് റോഡ് ടാറിങ് | 15/19-20 | 140000 | | |
| 11 | | കരയങ്കണ്ടി മുക്ക് തോട്ടോളി താഴ റോഡ് ടാറിങ് | 16/19-20 | 140000 | | |
| 12 | | പാറ പ്പൊത്തിൽ മുക്ക് കേളോത്ത് കണ്ടി മുക്ക് റോഡ് ടാറിങ് | 21/19-20 | 88000 | | |
| 13 | | മൂന്നാമ്പത്ത് മുക്ക് പുല്ലാഞ്ചോളി റോഡ് ടാറിങ് | 22/19-20 | 90000 | | |
| 14 | | മഠത്തിൽ മുക്ക് കാണിച്ചേരി മുക്ക് റോഡ് ടാറിങ് | 23/19-20 | 140000 | | |
| 15 | | വടയം കണ്ടി മുക്ക് കൂടത്തിൽ മുക്ക് റോഡ് ടാറിങ് | 24/19-20 | 120000 | | |
| 16 | | അളവക്കൽ സൊസൈറ്റി റോഡ് ടാറിങ് | 25/19-20 | 110000 | | |
| 17 | | വാഴയിൽ മുക്ക് കമ്മടത്തിൽ മുക്ക് റോഡ് ടാറിങ് | 33/19-20 | 60000 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | | പി എച്ച് സി ടോയ്‌ലറ്റ് നിർമ്മാണം | 27/19-20 | 90000 | | | |
| 19 | | പടിക്കത്താഴ റെയിൽവേ ലൈൻ കുളങ്ങരത്ത് റോഡ് റീടാറിങ് | 38/19-20 | 136000 | | | |
| 20 | | പടിക്കത്താഴ റെയിൽവേ ലൈൻ കുളങ്ങരത്ത് റോഡ് റീടാറിങ് | 39/19-20 | 140000 | | | |
| 21 | | നാവത്ത് മുക്ക് കുരിക്കിലാട് റോഡ് റീടാറിങ് | 40/19-20 | 105000 | | | |
| 22 | | ചെമ്മാച്ചേരി മുക്ക് മണിയാറത്ത് മുക്ക് റോഡ് റീടാറിങ് | 41/19-20 | 40000 | | | |
| ആകെ | | | | 2630400 | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1298075/-രൂപ വരവുണ്ട്. മുൻബാക്കി 1925 രൂപയടക്കം 1300000/- രൂപയിൽ 1300000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവനവായ്പ | 51613/DB/1/14/Lsgd | | 7425360 | 1400000 | | 6025360 |
| കെ.യു.ആർ.ഡി.എഫ് സി | -- | | 2521925 | 827487 | | 3349412 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 31143181 |
| തൻവർഷം നിക്ഷേപിച്ച തുക | 2725028 |
| ആകെ | 33868209 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 33868209 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030007864 | 7220789 |
| 2 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030007865 | 7220789 |
| | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030007866 | 5054552 |
| | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030007867 | 7151290 |
| | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030007868 | 7220789 |
| ആകെ | | | 33868209 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 മറ്റ് പരാമർശം | 11.4 | ചാത്താം കണ്ടി തെരു ശ്മശാനം റോഡ് | തീർപ്പാക്കാൻ അവശേ ഷിക്കുന്നു. |
| 2000-01 | | 2003-04 മറ്റ് പരാമർശം | 11.14 | മന്നത്താഴ ചെമ്മഞ്ചേരി റോഡ് | -ടി- |
| 2000-01 | | 2004-05 പൊതു പരാമർശം | 11.1.3.18 | നികുതി പിരിവ് അലംഭാവം | -ടി- |
| | | 2013-14 | 5.1.5.4 | പൊതു കിണറുകൾ സംരക്ഷി ക്കപ്പെടുന്നില്ല | -ടി- |
| | | 2013-14 | 5.1.5.6 | ജല സ്രോതസ്സുകളിൽ കയ്യേറ്റം | -ടി- |
| | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | -ടി- |
| 2014-15 | 2-2,2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി.സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72563904 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90444222 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 68500 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 30000 | ശ്രീ അനിൽ കുമാർ, ഫിഷറീസ് ഓഫീസർ |
| 1-21 | 38500 | ശ്രീ ജയചന്ദ്രൻ, ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ അനിൽ കുമാർ, ഫിഷറീസ് ഓഫീസർ | ഫിഷറീസ് ഓഫീസർ, ചോറോട് | തയ്യുള്ളതിൽ(വീട്), നട്ട് സ്ട്രീറ്റ് വടകര |
| ശ്രീ ജയചന്ദ്രൻ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, മുട്ടുങ്ങൽ | തണൽ, മയ്യന്നൂർ, വടകര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1991-92 | എൽ.എഫ്.കെ.കെ.ഡി/പി 5/560/10 | 8 | |
| 1992-93,93-94 | എൽ.എഫ്.കെ.കെ.ഡി/എസ്2/ 1227/94 തീയതി 27.04.1995 | 7 | |
| 1995-96 | എൽ.എഫ്.കെ.കെ.ഡി/പി 5/144/96 തീയതി 02.01.1997 | 2 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി9/1850/19(2)തീയതി 3.12.20 | 1 | 33 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/പി 5/1170(6)/13തീയതി 23.08.2013 | 6 | 9(1,3),10,11,12,13 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി/ പി9/1850/19(3)തീയതി 3.12.20 | 4 | 7(1,2),8,9(2) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി9/1850/19(5)തീയതി 3.12.20 | 5 | 3-4,3-7,3-103-13,3-14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി9/1850/19(6)തീയതി 3.12.20 | 8 | 2-3,3-3,3-4,3-5,3-6, 3-7,3-8,3-9 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി9/1850/19(7)തീയതി 3.12.20 | 3 | 3-3,3-4,3-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ എസ്1/706/09 തീയതി 22.01.2010 | 15 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി 5/1195/11 തീയതി 12.10.2011 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി 5/781/12 തീയതി 12.06.2012 | 8 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി 5/782/12 തീയതി 12.06.2012 | 14 | |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/ പി 5/895/14 തീയതി 06.08.2014 | 12 | 2-2,2-7(2), 3-2,3-3, 3-4,3-6, 3-7, 3-8, 3-10, 3-14,3-15, 3-16 |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി/പി 5/858/15 തീയതി 03.08.2015 | 21 | |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ | 11 | 2-1,2-2(2,3,4,5,6)2- |

| | | | |
|---|---|---|---|
| | പി6/2231/16 തീയതി 21.5.17 | | 3,<br>3-1,3-2,3-6,3-8 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/<br>പി15/447/2019തീയതി 29.6.19 | 29 | 2-1(1,2,3,6,7,8,9,10)<br>2-3(2,3)<br>2-3(4,5,6,7),2-4,2-5,<br>2-6,3-1,3-3,3-5,3-7,3-9,<br>3-12,3-13,3-14,3-15,<br>3-16,3-17,3-18,3-19,<br>3-20,3-21,3-22 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.<br>പി6/1634/17<br>തീയതി 17.1.18 | 17 | 2-1,2-2,2-3,2-4, 3-1,3-2,<br>3-3,3-4,3-5,3-6,3-8,<br>3-9,<br>3-10, 3-12, 3-13,3-14,<br>3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/<br>പി9/1849/2019 തീയതി28.2.20 | | 1-12(3,4,5,6)1-12(10),<br>2-1,2-3,2-4,2-5, 2-6,3-1,3-2,3-3,3-4,<br>3-6,3-8(3),3-9,<br>3-11,3-12,4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/<br>പി15/1599/2019 തീയതി 10.6.20 | 15 | 1-1,2,3,4,5,,6,7,8,9.10,<br>11,12,13,14,15 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്